വ്യത്യാസം സ്വാഭാവികമായിട്ടും ഉണ്ടാകും. രാജ്യരക്ഷാ വകുപ്പുമന്ത്രി ഇടപ്പെട്ടന്നോ ഇടപ്പെട്ടില്ലെന്നോ പറയുന്നില്ലായെന്ന് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. ഏതാണ് ശരിയെന്ന് ഒന്ന് വ്യക്തമാക്കുമോ ; എന്റെ ചോദ്യം, വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് ആവശ്യമായ സാമ്പത്തിക വിഭവങ്ങൾ ഉറപ്പ് വരുത്തുന്നതിനായി നിർദ്ദിഷ്ട ബാങ്കുകളുടെ കൺസോർഷ്യം പ്രവർത്തന സജ്ജമാക്കേണ്ടതാണ് എന്നാണ് ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത്. ഇത് സജ്ജമാക്കാനുള്ള നടപടികൾ സ്വീകരിക്കുക യുണ്ടായോയെന്ന് വ്യക്തമാക്കുമോ ?

ശ്രീ. വി. സുരേന്ദ്രൻ പിള്ള : 450 കോടി രൂപയിൽ ഇപ്പോൾ ഏതാണ്ട് 50 കോടി രൂപയോളം ചെലവഴിച്ച് കഴിഞ്ഞിട്ടുണ്ട്. ബാക്കി ചെലവഴി ക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. ഇവിടെ സൂചിപ്പിച്ച നിർദ്ദിഷ്ട ബാങ്കുകളുടെ കൺസോർഷ്യവുമായിട്ട് ഈ മാസംതന്നെ എഗ്രിമെന്റ് വയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ആഗോള സാമ്പത്തികമാന്ദ്യം നേരിടുന്നതിന് ആവിഷ്ക്കരിച്ച സാമ്പത്തികതന്ത്രം

3 (*2) ശ്രീ. കെ. ടി. ജലീൽ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. എം. ഹംസ :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഗോള സാമ്പത്തികമാന്ദ്യത്തെ നേരിടുന്നതിന് വകുപ്പ് ആവിഷ്ക്കരിച്ച സാമ്പത്തികതന്ത്രത്തിന്റെ വിശദാംശം നൽകുമോ ;

(ബി) സാധാരണക്കാരെ സഹായിക്കുന്നതിന് ആവിഷ്ക്കരിച്ച സാമൂഹ്യ സുരക്ഷിതത്വ നടപടികൾമൂലം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വ്യക്തമാക്കുമോ ;

(സി) തൊഴിലും വരുമാനവും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിനായി ആവിഷ്കരിച്ച ഉത്തേജക പാക്കേജ് സാമ്പത്തികമാന്ദ്യം നേരിടുന്നതിന് എത്ര മാത്രം പ്രയോജനപ്പെട്ടിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

(ഡി) ഈ സർക്കാർ വന്നതിനുശേഷം സംസ്ഥാനത്ത് സ്വകാര്യ നിക്ഷേപത്തിൽ എന്തുമാത്രം പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് കണക്കാക്കി യിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : സർ,

(എ) ആഗോള സാമ്പത്തികമാന്ദ്യം നേരിടുന്നതിന് സാമൂഹ്യ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക, തൊഴിലും വരുമാനവും ഉൽപ്പാദനവും വർദ്ധിപ്പിക്കുന്നതിനായുള്ള പൊതുമൂലധന നിക്ഷേപം ഉയർത്തുക എന്നിവ ലക്ഷ്യമിട്ടുകൊണ്ടുള്ള മാന്ദ്യവിരുദ്ധ പാക്കേജാണ് വകുപ്പ് ആവിഷ്ക്കരിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സാധാരണക്കാരെ സഹായിക്കുന്നതിന് ആവിഷ്ക്കരിച്ച സാമൂഹ്യ സുരക്ഷിതത്വ നടപടികളുടെ ഭാഗമായി സാമൂഹ്യസുരക്ഷിതത്വ പെൻഷനുകൾ 300 രൂപയായി വർദ്ധിപ്പിച്ചു. ക്ഷേമപെൻഷനുകളുടെ കുടിശ്ശിക തീർക്കുന്നതിന് മുന്തിയ പരിഗണന നൽകിയിട്ടുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുഴുവൻ കുടുംബങ്ങൾക്കും ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള പട്ടികവിഭാഗങ്ങൾ, മൽസ്യത്തൊഴിലാളികൾ, ആശ്രയ സ്കീം കുടുംബങ്ങൾ എന്നിവർക്കും കിലോയ്ക്ക് 2 രൂപയ്ക്ക് റേഷനരി ലഭ്യമാക്കിവരുന്നു. ഭക്ഷ്യസബ്സിഡിക്കായി മാത്രം 278 കോടി രൂപ ഈ വർഷം ചെലവഴിക്കും. സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കൺസ്യൂമർ ഫെഡ് എന്നിവയുടെ മാർക്കറ്റ് ഇന്റർവെൻഷൻ സ്കീമിലേക്കായി ഈ വർഷം 170 കോടിയോളം രൂപ ചെലവഴിക്കും. ദുർബ്ബല വിഭാഗങ്ങളുടെ ഭവനവായ്പ കുടിശ്ശിക എഴുതിത്തള്ളുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഇതുമൂലം 41,500-ൽപ്പരം കുടുംബങ്ങൾക്ക് ആശ്വാസം ലഭിച്ചിട്ടുണ്ട്. സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽനിന്നും വായ്പയെടുത്ത പട്ടികജാതി പട്ടികവർഗ്ഗക്കാർ, പരിവർത്തിത ക്രൈസ്തവർ എന്നിവരുടെ വായ്പകളുടെ പലിശയും പിഴപ്പലിശയും അടക്കം 25,000 രൂപവരെയുള്ള മുതലും എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിച്ചു. മൽസ്യത്തൊഴിലാളികളുടെ വായ്പ എഴുതിത്തള്ളാൻ നടപടി സ്വീകരിച്ചു. ദുർബ്ബല വിഭാഗങ്ങളുടെ ഭവനവായ്പ കുടിശ്ശിക എഴുതിത്തള്ളുന്നതിനും നടപടി സ്വീകരിച്ചു. ഇ.എം.എസ്. ഭവന പദ്ധതിയുടെ പലിശ ബാദ്ധ്യത, ഭവനശ്രീ വായ്പ എന്നിവ സർക്കാർ ഏറ്റെടുത്തു. കൂടാതെ സാധാരണക്കാർക്കുള്ള എം.എൻ. ഭവനപുനരുദ്ധാരണ പദ്ധതിയും നടപ്പിൽ വരുത്തി. കയർ മേഖലയിൽ വില സുരക്ഷാ ഫണ്ട് നടപ്പിൽവരുത്തി.

(സി) പൊതുമൂലധന നിക്ഷേപം ഉയർത്തി തൊഴിലും വരുമാനവും ഉൽപ്പാദനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യമിട്ടുകൊണ്ടാണ് 10,000 കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ് ആവിഷ്ക്കരിച്ചത്. വ്യവസായം, കൃഷി, ജലസേചനം, ഗതാഗതം, ടൂറിസം, ഐ.ടി. തുടങ്ങിയ മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി ഇതിനകം ഏകദേശം 5000 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ പുരോഗമിച്ചു വരികയാണ്. ഇതിനുപുറമേ 3000 കോടി രൂപയുടെ ഇ.എം.എസ്. പാർപ്പിട പദ്ധതിയും എം.എൻ.ഭവന പുനരുദ്ധാരണ പദ്ധതിയും നടപ്പിലാക്കിവരുന്നു. നടപ്പുവർഷം പൊതുമേഖലയിൽ 8 വ്യവസായ സ്ഥാപനങ്ങൾകൂടി ആരംഭിച്ചു. 2009-10-ൽ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചാനിരക്ക് 9.73 ആയി ഉയർന്നു. ഇത് അതിനുമുമ്പുള്ള മൂന്ന് വർഷങ്ങളെക്കാൾ ഉയർന്ന നിരക്കാണ്. സാമ്പത്തിക മേഖലയിൽ പ്രകടമായ ഈ ഉണർവ്വ് തൊഴിൽ അവസരങ്ങളും വരുമാനവും വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്.

(ഡി) ഈ സർക്കാർ വന്നതിനുശേഷം സംസ്ഥാനത്ത് സൂക്ഷ്മ ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചതുമൂലം 2863 കോടി രൂപയുടെ സ്വകാര്യ നിക്ഷേപം ഉണ്ടായതായി കണക്കാക്കപ്പെടുന്നു. ഇതിനുപുറമെ

LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ഐ.ഡി.സി. നേതൃത്വം നൽകുന്ന പദ്ധതികളിൽ 825 കോടി രൂപയുടെ സ്വകാര്യ നിക്ഷേപം ഉണ്ടായിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി., കിൻഫ്ര, ഐ.ടി ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി, ഹൗസിംഗ് ബോർഡ് എന്നിവയുമായി ബന്ധപ്പെട്ട് 10,000 കോടി രൂപയുടെ സ്വകാര്യ നിക്ഷേപമാണ് ലക്ഷ്യമിട്ടിരുന്നത്. ഇതിൽ 8000 കോടി രൂപ മുതൽമുടക്കുള്ള ചീമേനി താപവൈദ്യുത നിലയം, 300 കോടി രൂപ മുതൽ മുടക്കുള്ള ലൈഫ് സയൻസ് പാർക്ക്, 163 കോടി രൂപയുടെ മുതൽമുടക്കുള്ള വ്യവസായ പാർക്കുകളിലേക്കുള്ള റോഡുകളുടെ നിർമ്മാണം, ടൈറ്റാനിയം കോംപ്ലക്സ് തുടങ്ങിയ പദ്ധതികൾക്കുള്ള സ്ഥലമെടുപ്പ്, സർവ്വേ തുടങ്ങിയ പ്രാരംഭ നടപടികൾ പുരോഗമിച്ചുവരുന്നു.

ശ്ര. കെ. ടി. ജലീൽ : സർ, ബഡ്ജറ്റിൽ മാന്ദ്യവിരുദ്ധ പാക്കേജിന് പണം വകയിരുത്താത്ത സാഹചര്യത്തിൽ നിർമ്മാണ രംഗത്തെ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുമ്പോൾ ഇതിന് എങ്ങനെയാണ് സംസ്ഥാന സർക്കാർ പണം കണ്ടെത്തുന്നത്; കോടിക്കണക്കിന് രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുമ്പോൾ ഈ പണം നൽകുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിക്ക് വഴിവയ്ക്കില്ലേ ?

ഡോ. തോമസ് ഐസക് : സർ, 5000 കോടി രൂപയുടെ നിക്ഷേപം രണ്ടോ മൂന്നോ നാലോ വർഷത്തിനുള്ളിൽ നമുക്ക് അബ്സോർബ് ചെയ്യാൻ സാധിക്കുമെന്ന് കഴിഞ്ഞ രണ്ട് വർഷത്തെ അനുഭവംകൊണ്ട് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. നടപ്പ് സാമ്പത്തികവർഷം ഒരൊറ്റ ദിവസം പോലും വേയ്സ് ആന്റ് മീൻസ് അഡ്വാൻസ് സർക്കാരിന് എടുക്കേണ്ടിവന്നിട്ടില്ല. കേരളത്തിന്റെ മൂന്ന് പതിറ്റാണ്ട് ചരിത്രത്തിൽ ആദ്യമായിട്ടാണ് ഇങ്ങനെയൊരു വർഷമുണ്ടാകുന്നത്. അതുകൊണ്ട് ഒരു സാമ്പത്തിക പ്രതിസന്ധിയും സൃഷ്ടിക്കില്ല. നമുക്ക് ഇതിനേക്കാൾ കൂടുതൽ നിക്ഷേപം നടത്താമെന്ന് ഉറപ്പാണ്.

ശ്രീ. കെ. ടി. ജലീൽ : സർ, മാന്ദ്യവിരുദ്ധ പാക്കേജിന്റെ ഭാഗമായി പലിശ രഹിത ഓഹരികൾ സമാഹരിച്ച് ഇക്കണോമിക്ക് ബാങ്കിംഗ് സമ്പ്രദായത്തിൽ ഒരു കമ്പനി രൂപീകരിച്ച് സംസ്ഥാനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കു വേണ്ടി പ്രസ്തുത സംഖ്യ ഉപയോഗപ്പെടുത്താൻവേണ്ടി ഗവൺമെന്റ് ഉദ്ദേശിച്ചതും ഇതുമായിട്ടുള്ള നടപടിക്രമങ്ങളുമായി മുന്നോട്ട് പോകുകയും ചെയ്യുന്നു. ഹൈക്കോടതിയും ഇതിനിപ്പോൾ അംഗീകാരം നൽകി ഗവൺമെന്റിനോട് മുന്നോട്ടു പോകുവാൻ നിർദ്ദേശിച്ചിരിക്കുകയാണ്. യഥാർത്ഥത്തിൽ ഇതുകൊണ്ട് സർക്കാർ എന്താണ് ലക്ഷ്യമിടുന്നതും ഉദ്ദേശിക്കുന്നതുമെന്ന് വ്യക്തമാക്കാമോ ?

ഡോ. തോമസ് ഐസക് : ബഹുമാനപ്പെട്ട മെമ്പർ ആദ്യം ചോദിച്ചത് എങ്ങനെ ഇതിനുള്ള പണം കണ്ടെത്തും എന്നുള്ളതാണ്. പണം കണ്ടെത്തുന്നതിനുവേണ്ടി ഇതുപോലുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടിവരും. അങ്ങനെ സ്വീകരിക്കേണ്ട ചില കാര്യങ്ങൾ അടുത്ത ബഡ്ജറ്റിൽ വിശദമായി പ്രഖ്യാപിക്കും. അതിൽ പ്രധാനപ്പെട്ട ഒന്നാണ്, പലിശ വാങ്ങാത്ത ധനകാര്യ സ്ഥാപനത്തിന്റെ രൂപീകരണം. ഇതിലൂടെ വൻകിട ഇൻഫ്രാസ്ട്രക്ചർ

LIBRARY ARCHIVES Kerala Legislative Assembly

പ്രോജക്ടുകൾക്ക് വലിയ തോതിൽ പണം ലഭ്യമാക്കുവാൻ കഴിയും. നമ്മുടെ സംസ്ഥാനത്ത് രണ്ട് പ്രാവശ്യം Capital Venture Fund തുടങ്ങാൻ പരിശ്രമം നടത്തി പരാജയപ്പെട്ടതാണ്. ആ സ്ഥാനത്താണ് ഇപ്പോൾ അതിനു പകരമായി അൽ-ബറാക് എന്നുപറയുന്ന സ്ഥാപനത്തെ കണ്ടിട്ടുള്ളത്. അതിന്റെ പ്രവർത്തനം എത്രയും പെട്ടെന്ന് ആരംഭിക്കുന്ന നടപടി സർക്കാർ സ്വീകരിക്കും.

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, ആഗോള സാമ്പത്തിക മാന്ദ്യത്തിൽനിന്നും രക്ഷപ്പെടാൻ കഴിയാതെ ലോകത്തിലെ വൻകിട രാഷ്ട്രങ്ങൾ ഇപ്പോഴും ഉഴറുകയാണ്. അമേരിക്കൻ പ്രസിഡന്റിനെപ്പോലെയുള്ള ആളുകൾ ഇന്ത്യയിലേക്ക് വന്നാൽ സാധാരണഗതിയിൽ ഇന്ത്യയ്ക്കും അമേരിക്കയ്ക്കും ഗുണവും ദോഷവുമൊക്കെയുള്ള കരാറുകളിൽ ഒപ്പിടാറുണ്ട്. ഇപ്രാവശ്യം ഒബാമ വന്നപ്പോൾ ഇവിടെവന്ന് ഒരു യാചന നടത്തുന്നതുപോലെ അമേരിക്കയ്ക്കുവേണ്ടി മാത്രമുള്ള, അവർക്ക് രക്ഷപ്പെടാൻ പറ്റുന്ന ചില കരാറുകളുമായിട്ട് വന്നത് നമ്മൾ കണ്ടതാണ്. അവർ ഇപ്പോഴും ആ കയത്തിൽ കിടന്ന് ഉഴറുകയാണ്. രണ്ട് രൂപയുടെ അരി, സാമൂഹിക പരിസ്ഥിതികളുടെ വർദ്ധനവ്, നിത്യോപയോഗ സാധനങ്ങൾ ചുരുങ്ങിയ വിലയ്ക്ക് നൽകുന്ന ചന്തകൾ, ഔട്ട്‌ലെറ്റുകൾ, ആയിരക്കണക്കിന് കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇങ്ങനെയുള്ള ഇടപെടലുകൾവഴി നമ്മുടെ സംസ്ഥാനത്ത് മാന്ദ്യത്തെ നേരിടാൻ നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നുണ്ട്. തുടർന്നും ഈ ഗവൺമെന്റും വരാനിരിക്കുന്ന ഗവൺമെന്റും ഈ മാന്ദ്യത്തെ നേരിടാൻ വേണ്ടിയുള്ള പരിപാടികൾ എങ്ങനെയാണ് ആവിഷ്ക്കരിക്കാൻ പോകുന്നത് ?

ഡോ. തോമസ് ഐസക് : സാമ്പത്തിക മാന്ദ്യത്തിന്റെ വർഷത്തിൽ ഇന്ത്യയിൽ ഏറ്റവും ഉയർന്ന വളർച്ചാ നിരക്ക് കൈവരിച്ചത് കേരള സംസ്ഥാനമാണ്. അത് നമ്മുടെ മാന്ദ്യവിരുദ്ധ പാക്കേജ് കൊണ്ടുമാത്രമാണെന്ന് ഞാൻ അവകാശപ്പെടുന്നില്ല. ഈ മാന്ദ്യത്തിന്റെ ഫലമായി പലരും കരുതുന്നതിൽനിന്നും വ്യത്യസ്തമായി ഗൾഫിൽനിന്നുള്ള വരുമാനം ഗണ്യമായി കൂടുകയുണ്ടായി. ഗൾഫിലെ ബാങ്കുകളിൽ പണം നിക്ഷേപിക്കാനുള്ള പേടിമൂലം അവിടെയുള്ളവർ നാട്ടിലേക്ക് പണമയക്കുന്ന സന്ദർഭമുണ്ടായി. അതും നമ്മുടെ മാന്ദ്യവിരുദ്ധ പാക്കേജ് നൽകിയ സൈക്കോളജിക്കൽ ബൂസ്റ്റുംകൂടി ചേർന്നപ്പോൾ 2009-10-ൽ കേരളത്തിൽ ഏറ്റവും ഉയർന്ന വളർച്ചാനിരക്ക് നേടാൻ കഴിഞ്ഞു.

ശ്രീ. എം. ഹംസ : സർ, സാമ്പത്തിക മാന്ദ്യംമൂലം ലോകത്തെമ്പാടുമുള്ള ജനങ്ങളുടെ ക്രയശേഷി കുറയുകയും എന്നാൽ കേരളത്തിലെ ജനങ്ങളുടെ ക്രയശേഷി കൂടുകയുമുണ്ടായി. ഈ രൂപത്തിലുള്ള ഒരു സാമ്പത്തിക മാനേജുമെന്റ് നടത്തിയ അങ്ങേയ്ക്ക് ആദ്യമായി അഭിനന്ദനം അർപ്പിക്കുകയാണ്. മറ്റൊന്ന്, കേരളത്തിലെ മാന്ദ്യവിരുദ്ധ പാക്കേജിനെ സംബന്ധിച്ച് കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly

സർക്കാരിൽനിന്നോ ആസൂത്രണ കമ്മീഷനിൽനിന്നോ എന്തെങ്കിലുമൊക്കെ പ്രതികരണം ഉണ്ടായിട്ടുണ്ടോ ; നമ്മുടെ മാന്ദ്യവിരുദ്ധ പാക്കേജിനെക്കുറിച്ചുള്ള കേന്ദ്ര ആസൂത്രണ കമ്മീഷന്റേയും കേന്ദ്ര ഗവൺമെന്റിന്റേയും അഭിപ്രായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഡോ. തോമസ് ഐസക് : കേന്ദ്ര ഗവൺമെന്റ് അവരുടെ അഭിപ്രായം ഔപചാരികമായി അറിയിച്ചിട്ടില്ല. പക്ഷേ റിസർവ് ബാങ്ക് ഏറ്റവും പുതിയ സംസ്ഥാനങ്ങളുടെ ധനസ്ഥിതിയെക്കുറിച്ചുള്ള 2009-10 വർഷത്തെ പഠനത്തിൽ ഒരു പേജിൽ സംസ്ഥാന ഗവൺമെന്റ് നടത്തിയ സ്റ്റിമുലസ് പാക്കേജു കളെക്കുറിച്ച് കൊടുത്തിട്ടുണ്ട്. ഹരിയാന, ബംഗാൾ, കേരള എന്നീ മൂന്ന് സംസ്ഥാനങ്ങളാണ് അത്തരത്തിൽ നടപടി സ്വീകരിച്ചത്. അതിൽ ഏറ്റവും വലിയ പാക്കേജ് കേരളത്തിലേതാണ്. റവന്യൂ എക്സ്പെന്റിച്ചറിനേക്കാൾ കൂടുതൽ മൂലധന ചെലവിൽ ഊന്നിക്കൊണ്ടുള്ളതാണ് എന്നുള്ളതാണ് കേരളത്തിലെ പാക്കേജിന്റെ സവിശേഷത. കേരളം നടത്തിയിട്ടുള്ള ഈ പ്രവർത്തനത്തെ റിസർവ് ബാങ്ക് വളരെ ശ്ലാഘിച്ചിട്ടുണ്ട്.

ശ്രീ. മുരളി പെരുനെല്ലി : സർ, കെടുകാര്യസ്ഥതവഴി തളർവാതം പിടിച്ചു കിടന്നിരുന്ന നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയിൽ ഒരു പുത്തനുണർവ് നൽകിയ അങ്ങയുടെ സാമ്പത്തിക വൈദഗ്ദ്ധ്യം ഇന്ത്യക്കുതന്നെ മാതൃകയാണ്. ഈ സ്റ്റിമുലസ് പാക്കേജ് നമ്മുടെ സംസ്ഥാനത്തിന്റെ ധനനയത്തിൽ അടിസ്ഥാനപരമായി എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്; എന്തുകൊണ്ടാണ് ആപത്ത് ഒരു അവസരമാകുമെന്നുള്ള കാര്യം അങ്ങ് സൂചിപ്പിച്ചത് ?

ഡോ. തോമസ് ഐസക് : ഈ സർക്കാരിന്റെ ആദ്യത്തെ രണ്ട് വർഷം ഫിസ്ക്കൽ കൺസോളിഡേഷന്റെ കാലമായിരുന്നു. എന്നാൽ നമ്മുടെ ധനനയത്തിന്റെ ഗിയർമാറ്റിയത് യഥാർത്ഥത്തിൽ ഈ മാന്ദ്യകാലത്താണ്. വളരെ തന്റേടത്തോടുകൂടി ഈ രീതിയിൽ അയ്യായിരം കോടി രൂപയുടെ പൊതു മുതൽമുടക്ക് ചെയ്യാൻ സർക്കാർ തീരുമാനിക്കുകയാണ് ചെയ്തത്. ഇന്ത്യൻ-സംസ്ഥാന ധനനയം നോക്കിയിട്ടുണ്ടെങ്കിൽ ഇതിനൊരു സമാന്തരം കാണാൻ കഴിയുകയില്ല. ഈ നയം തന്നെയാണ് പിറ്റേ വർഷവും ഈ വർഷവും തുടരുന്നത്. അതുകൊണ്ട് ഈ മാന്ദ്യവിരുദ്ധ പാക്കേജ് വളരെ പ്രധാനപ്പെട്ട ഒരു വഴിത്തിരിവാണ്. നമ്മുടെ സംസ്ഥാനത്തിന്റെ ചെലവിൽ അന്നന്നുള്ള വരുമാനവും ചെലവും നോക്കാതെതന്നെ നാട്ടിൽ വേണ്ടുന്ന റോഡും പാലവും നിർമ്മിക്കുന്നതിനുവേണ്ടി പണം അനുവദിക്കുന്ന ഒരു പുതിയ നയം അതുവഴി ഇവിടെ രൂപം കൊള്ളുകയുണ്ടായി.

ശ്രീ. കെ. ശിവദാസൻ നായർ : സർ, ഒരു ദിവസംപോലും വേയ്സ് ആന്റ് മീൻസ് അഡ്വാൻസ് എടുക്കേണ്ട സാഹചര്യവും ട്രഷറി പൂട്ടേണ്ട സാഹചര്യവും ഉണ്ടായിട്ടില്ലെന്ന് അങ്ങ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഗവൺമെന്റിന്റെ ആദ്യത്തെ മൂന്നു വർഷക്കാലം പി.ഡബ്ല്യു.ഡി., ഇറിഗേഷൻ, സിവിൽ സപ്ലൈസ് തുടങ്ങി പ്രധാനപ്പെട്ട വകുപ്പുകളിലൊന്നും പുതുതായി

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികൾക്ക് അങ്ങ് പണം കൊടുത്തില്ലെന്നൊരു യാഥാർത്ഥ്യം അവശേഷിക്കുന്നുണ്ട്. അതുപോലെതന്നെ പഞ്ചായത്തുകൾക്ക് പശ്ചാത്തല മേഖല ഉൾപ്പെടെയുള്ള മേഖലക്ക് പണം കൊടുക്കുന്നതിൽ അങ്ങ് വൻ കുറവുതന്നെ വരുത്തിയിട്ടുണ്ട്. നാലാമത്തെ വർഷം വന്നപ്പോൾ മാന്ദ്യവിരുദ്ധ പാക്കേജ് പ്രഖ്യാപിച്ച് അയ്യായിരം കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി കൊടുത്തു. ഈ അയ്യായിരം കോടി രൂപയുടെ പദ്ധതികളുടെ ബിൽ ഈ ഗവൺമെന്റിന് കൊടുക്കേണ്ടി വരികയില്ലെന്നുള്ള യാഥാർത്ഥ്യം അങ്ങേയ്ക്ക് അറിയാം. അതുകൊണ്ടുതന്നെ ഇപ്പോൾ ഇതുസംബന്ധിച്ച് ഒരു സാമ്പത്തിക ബാധ്യതയും അങ്ങേയ്ക്ക് എടുക്കേണ്ടതില്ലെന്ന് ഉറപ്പുള്ളതുകൊണ്ടല്ലേ ഈ മാന്ദ്യവിരുദ്ധ പാക്കേജിൽ അയ്യായിരം കോടി രൂപ അവസാന സമയത്ത് കൊണ്ടുവന്നത് ?

ഡോ. തോമസ് ഐസക് : ഒരു ഭയപ്പാടും ഇല്ല. ഭയം ഉള്ളവർ മാറി നിൽക്കട്ടെ. എങ്ങനെയാണ് ചെയ്യേണ്ടത് എന്നുള്ളത് ചെയ്തു കാണിച്ചു തരാം. സാധാരണഗതിയിൽ നമ്മുടെ സംസ്ഥാനത്തിന്റെ മൊത്തം സർക്കാർ ചെലവ് അഞ്ച് വർഷം കൂടുമ്പോൾ 50, 60 ശതമാനം വച്ചാണ് ഉയരുന്നത്. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പത്തൊമ്പതിനായിരത്തിൽപ്പരം കോടി രൂപയായിരുന്നു സർക്കാർ ചെലവ്. ഈ വർഷം അത് നാൽപ്പതിനായിരം കോടി രൂപയായി വർദ്ധിക്കുകയാണ്, ഏതാണ്ട് ഇരട്ടിയിലേറെ വർദ്ധനവുണ്ടായി. പണം കൊടുക്കാതിരിക്കുകയോ ചെലവാക്കാതിരിക്കുകയോ ചെയ്തതല്ല. സാധാരണ കേരളത്തിലെ സർക്കാർ ചെലവ് വരുത്തുന്നതിന്റെ ഇരട്ടി വേഗതയിലാണ് കഴിഞ്ഞ അഞ്ച് വർഷം സർക്കാർ ചെലവ് വർദ്ധിച്ചത്.

ശ്രീ. എം. ചന്ദ്രൻ : സർ, ആഗോള മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ സാമ്പത്തിക മാന്ദ്യത്തെ മറികടക്കുന്നതിനുവേണ്ടി എല്ലാ രാഷ്ട്രങ്ങളും മാന്ദ്യ വിരുദ്ധ പാക്കേജിൽ കൂടുതൽ പണം ചെലവാക്കുവാൻ തീരുമാനിച്ചു. കേരളത്തിൽ പതിനായിരം കോടി രൂപ മാന്ദ്യവിരുദ്ധ പാക്കേജിനുവേണ്ടി നീക്കിവച്ചുവെന്ന് പറയുമ്പോൾ ഇന്ത്യാ ഗവൺമെന്റ് മാന്ദ്യവിരുദ്ധ പാക്കേജിൽ ഇരുപതിനായിരം കോടി രൂപയാണ് പ്രഖ്യാപിച്ചത്. ഈ മാന്ദ്യത്തിന്റെ ഭാഗമായി കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം പ്രതിസന്ധി നേരിട്ട ഈ അവസരത്തിൽ അത് പരിഹരിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അതുപോലെതന്നെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികൾ നേരിട്ട തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണുന്നതിന് എന്തെങ്കിലും നടപടി കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചതായി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഡോ. തോമസ് ഐസക് : സർ, കേരളത്തിലെ മാന്ദ്യവിരുദ്ധ പാക്കേജിന്റെ ഭാഗമായി ഏതാണ്ട് ആയിരം കോടി രൂപയുടെ നിക്ഷേപം പൊതു മേഖലയിൽ കൊണ്ടുവരുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് നടപ്പുവർഷം എട്ട് പുതിയ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുകയും നിലവിലുള്ള ആറ് പൊതുമേഖലാ സ്ഥാപനങ്ങളിൽ വിപുലീകരണ നടപടികൾ പൂർത്തിയായിവരികയും ചെയ്യുന്നു. കേന്ദ്ര ഗവൺമെന്റ് ചെലവഴിച്ചിട്ടുള്ളത് ഇരുപതിനായിരം കോടി രൂപയല്ല ഇൻവെസ്റ്റ്മെന്റ് അത്രയും വരുന്നുവെങ്കിലും അതിനപ്പുറം

LIBRARY ARCHIVES Kerala Legislative Assembly

മോണിട്ടറിംഗ് പോളിസിയുണ്ട്, അതുപോലെ ബാങ്കുകൾക്ക് ലഭ്യമാക്കിയ തുക തുടങ്ങിയ കാര്യങ്ങളുമുണ്ട്. പക്ഷേ ആനുപാതികമായി നോക്കുമ്പോൾ കേരളത്തിൽ ചെലവഴിക്കുന്നതിന് തീരുമാനിച്ച തുക കേന്ദ്ര ഗവണ്മെന്റിന്റെ ചെലവിന്റെ ഏതാണ്ട് ഇരട്ടി വരും.

<u>ശ്രീ. അടൂർ പ്രകാശ്</u> : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോൾ ദുർബ്ബല വിഭാഗങ്ങളുടെ ഭവനവായ്പ എഴുതിത്തള്ളി എന്നാണ് പറഞ്ഞത്. ദുർബ്ബല വിഭാഗങ്ങൾക്ക് ഭവന വായ്പ എടുക്കുന്നതിനുവേണ്ടി അവർ വസ്തുവിന്റെ രേഖകൾ വച്ചിട്ടാണ് അന്ന് വായ്പ എടുത്തിട്ടുള്ളത്. ഈ വായ്പ എഴുതിത്തള്ളിയെങ്കിൽ ഈ രേഖകൾ ഇതുവരേയും തിരിച്ചു നൽകുവാൻ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ആയതിനാൽ അത് എന്നത്തേക്ക് തിരിച്ചുകൊടുക്കുവാൻ കഴിയുമെന്ന് അങ്ങേയ്ക്ക് വ്യക്തമാക്കാൻ കഴിയുമോ ?

<u>ഡോ. തോമസ് ഐസക്</u> : പല സ്കീമുകളുടേയും രേഖകൾ തിരിച്ചു കൊടുത്തുകഴിഞ്ഞുവെങ്കിലും ചില സ്കീമുകളുടേത് കൊടുത്തിട്ടില്ല. ഭവനശ്രീ സ്കീമിന്റെ ആധാരങ്ങൾ ബാങ്കിൽനിന്ന് എടുത്തുകൊടുത്തിട്ടില്ല. ഇപ്പോഴാണ് ഓരോ ബാങ്കിനും എത്രതുക വച്ച് കൊടുക്കണമെന്നുള്ള കൃത്യമായ കണക്കുണ്ടായത്. രണ്ട് ഗഡുവിനുള്ള പണം ഉപധനാഭ്യർത്ഥനയിൽ വകയിരുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ബാങ്കുകളുമായി ഉണ്ടാക്കിയ ധാരണപ്രകാരംതന്നെ ആധാരങ്ങൾ തിരിച്ചു നൽകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. എം. എം. മോനായി</u> : സർ, ആഗോള സാമ്പത്തിക നയത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാർ അഴിമതിയുടെ ചെളിക്കുണ്ടിൽ വീണ് കിടക്കുമ്പോൾ അതിൽനിന്നും വ്യത്യസ്തമായ സമീപനമാണ് കേരള ഗവൺമെന്റ് സ്വീകരിക്കുന്നത്. ഈയിടെ ഫിഡൽ കാസ്ട്രോയുടെ ലേഖനത്തിൽ അമേരിക്ക അടക്കമുള്ള രാജ്യങ്ങൾ സസ്യ എണ്ണകൾക്കുവേണ്ടി കൂടുതൽ കൃഷി ഭൂമികളിൽ കൃഷി ചെയ്യുകയാണെന്നും ഇരുപത് വർഷത്തിനിടയിൽ ലോകം അതിഭയങ്കരമായ ക്ഷാമം നേരിടാൻ പോകുകയാണെന്നുമാണ് പറയുന്നത്. ഇതിനെതിരെ പ്രതിരോധിച്ചു നിൽക്കുന്ന സംസ്ഥാനം എന്ന നിലയിൽ കേരളം ഭക്ഷ്യ സുരക്ഷാ പദ്ധതിക്കുവേണ്ടി കൃഷിക്കാർക്ക് സബ്സിഡിപോലുള്ള എന്തെങ്കിലും ആശ്വാസ പദ്ധതി പ്രഖ്യാപിച്ച് കേരളത്തിലെ ഭക്ഷ്യ സ്വയംപര്യാപ്തത മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഡോ. തോമസ് ഐസക്</u> : മാന്ദ്യവിരുദ്ധ പാക്കേജിന്റെ ഭാഗമായി കാർഷിക മേഖലയിലെ കോൾ നിലങ്ങൾ, കുട്ടനാട്, പാലക്കാട് തുടങ്ങി കേരളത്തിലെ മുഴുവൻ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും നവീകരിക്കുന്നതിന് പണം വകയിരുത്തുകയുണ്ടായി. ഇതിന്റെ ഫലമായി കേരളത്തിലെ നെല്ലുൽപ്പാദനം കഴിഞ്ഞ മൂന്ന് വർഷമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇതൊരു മാറ്റമാണ്. കാരണം, മൂന്ന് പതിറ്റാണ്ടായി നെൽവയൽ വിസ്തൃതിയും ഉൽപ്പാദനവും കുറഞ്ഞുകൊണ്ടിരുന്ന കേരളത്തിൽ മൂന്നുവർഷം തുടർച്ചയായി ഈ വർദ്ധനവ് ഉണ്ടായിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ തന്നെ മറ്റ് പല സൗജന്യങ്ങളും കൂടി നൽകി ഭക്ഷ്യ സ്വയംപര്യാപ്തത മെച്ചപ്പെടുത്തുന്ന കാര്യമാണ് സർക്കാർ ഗൗരവമായി ആലോചിക്കുന്നത്.

LIBRARY ARCHIVES, Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ഷാജു : സർ, മാന്ദ്യവിരുദ്ധ പാക്കേജുകളുടെ പ്രഖ്യാപനത്തിലൂടെ യഥാർത്ഥത്തിൽ നമ്മുടെ ധനകാര്യവകുപ്പുമന്ത്രി പൊളിറ്റിക്കൽ ഗിമ്മിക്കിന്റെ രാജകുമാരനാണെന്ന് തെളിയിക്കുകയുണ്ടായി. പതിനായിരം കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജാണ് പ്രഖ്യാപിച്ചിട്ടുള്ളത്. അതിന്റെ മേജർ പോർഷനായ മൂവായിരം കോടി രൂപ ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിക്കും മൂവായിരം കോടി രൂപ പൊതുമരാമത്ത് വകുപ്പിന്റെ പുനർ നിർമ്മാണത്തിനുമാണ് പറഞ്ഞിരിക്കുന്നത്. പക്ഷേ ഇ.എം.എസ്. ഭവന നിർമ്മാണപദ്ധതിക്ക് പത്ത് നയാ പൈസപോലും ഈ മന്ത്രിയുടെ ഖജനാവിൽ നിന്ന് ചെലവാകുന്നില്ലെന്ന് നമുക്കറിയാം. പൊതുമരാമത്ത് വകുപ്പിന് മൂവായിരം കോടി രൂപ പറഞ്ഞിരിക്കുന്നതിൽ എത്ര കോടി രൂപ ഇതിനോടകം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഡോ. തോമസ് ഐസക് : അങ്ങ് പറഞ്ഞത് പോലെയല്ല. അയ്യായിരം കോടി രൂപയാണ് സർക്കാർ നേരിട്ട് മുടക്കുന്നത്. അയ്യായിരം കോടി രൂപ സർക്കാർ-അർദ്ധസർക്കാർ, മറ്റ് സ്ഥാപനങ്ങൾ വഴിയായി ചെലവഴിക്കുന്ന പണമാണ്. സർക്കാർ നേരിട്ട് ചെലവഴിക്കുന്നതിൽ റോഡ്സ് ആന്റ് ബ്രിഡ്ജസിന് 2461 കോടി രൂപയുടെയും ബിൽഡിംഗ്സിന് 471 കോടി രൂപയുടെയും കുടിവെള്ള പദ്ധതിക്ക് ആയിരത്തിൽപ്പരം കോടി രൂപയുടെയും ടൂറിസം മേഖലകളിലേയ്ക്കും ഇൻഡസ്ട്രിയൽ പാർക്കുകളിലേയ്ക്കുമുള്ള റോഡുകൾക്കുംവേണ്ടി ഏതാണ്ട് 500 കോടി രൂപയുടെയും പദ്ധതികൾക്ക് അനുവാദം നൽകിയിട്ടുണ്ട്. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കും അതുപോലെ ഇറിഗേഷൻ സ്കീമുകൾക്കുമായി ഏതാണ്ട് 400 കോടി രൂപ ഇനിയുണ്ട്. ഇങ്ങനെ 4532 കോടി രൂപയുടെ പ്രവൃത്തികൾക്കാണ് അനുവാദം നൽകിയിട്ടുള്ളത്. ഇനി നാലിലൊന്ന് തുകയേ കൊടുക്കേണ്ടി വരികയുള്ളുവെന്നാണ് കണക്കാക്കിയിട്ടുള്ളത്.

ശ്രീ. രാജാജി മാത്യു തോമസ് : സർ, കേരളത്തിൽ നടപ്പിലാക്കിയ മാന്ദ്യ വിരുദ്ധ പാക്കേജിൽ പ്രധാനമായി മൂലധന നിക്ഷേപമാണ് നടക്കുന്നതെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. തീർച്ചയായും ഇത് നമ്മുടെ സാമ്പത്തിക രംഗത്ത് കുറച്ചുകൂടി വൈബ്രന്റായി മുന്നോട്ട് പോകാൻ നമ്മളെ സഹായിച്ചിട്ടുണ്ട്. ഈ കാലയളവിൽ പത്ര വാർത്തകളിൽ വന്നതനുസരിച്ച് കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള മാന്ദ്യ വിരുദ്ധ പാക്കേജിൽ ഏതാണ്ട് 5,40,000 കോടി രൂപയുടെ നികുതി ഇളവുകൾ മാത്രം കോർപ്പറേറ്റുകൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ എന്തൊക്കെയോ മുതൽമുടക്ക് നിക്ഷേപം ഉണ്ടെന്ന് അവകാശപ്പെടുന്നുണ്ടെങ്കിൽ എന്തെങ്കിലും നിക്ഷേപം കേന്ദ്രത്തിന്റേതായി മാന്ദ്യവിരുദ്ധ പാക്കേജിന്റെ ഭാഗമായി കേരളത്തിന് ലഭിച്ചിട്ടുണ്ടോ ?

ഡോ. തോമസ് ഐസക് : സർ, ഇന്ത്യയിൽ മൊത്തത്തിൽ ഉണ്ടായിട്ടുള്ള നേട്ടത്തിന്റെ ഭാഗം കേരളത്തിലും കിട്ടിയിട്ടുണ്ട്. ഒരു കാര്യം കൂടി വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബഡ്ജറ്റിൽ പണം വകയിരുത്തിയിട്ടുണ്ട്. ഈ വർഷത്തെ ബഡ്ജറ്റെടുത്താൽ രണ്ടായിരത്തിൽ ചിലാനം കോടി രൂപ നോൺ പ്ലാൻ ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചറായി വകയിരുത്തിയിട്ടുണ്ട്.

ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ ചൂണ്ടിക്കാണിച്ചതുപോലെ എന്നത്തേക്കാൾ വേഗതയിൽ കാര്യങ്ങൾ നീങ്ങുന്നില്ല, അതിന്റെ ഫലമായി അതിന്റെ പകുതിയിൽ താഴെ മാത്രമേ പണം ചെലവഴിക്കേണ്ടി വരികയുള്ളു. രണ്ട് ദിവസം കഴിയുമ്പോൾ ഉപധനാഭ്യർത്ഥന സഭയിൽ ചർച്ചയ്ക്ക് വരും, ഉപധനാഭ്യർത്ഥനയിൽ വരുന്ന കുറവ് റവന്യൂ എക്സ്പെൻഡിച്ചറായി മാറ്റും. പണമൊന്നും വകയിരുത്താതെ കൈവിട്ടുള്ള കളിയൊന്നുമല്ല ഇത്.

ശ്രീ. ടി.യു. കുരുവിള : സർ, ദുർബ്ബല വിഭാഗങ്ങൾക്ക് ഹൗസിംഗ് ബോർഡ് വഴി മൈത്രി ഭവന പദ്ധതിക്ക് കൊടുത്തിട്ടുള്ളതായ ബാലൻസ് എഴുതിത്തള്ളാൻ ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ; ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അത് പ്രഖ്യാപിക്കാൻ തയ്യാറാകുമോ ?

ഡോ. തോമസ് ഐസക് : മൈത്രീ ഭവന പദ്ധതിയുടെ വായ്പയുടെ ഭാരം സർക്കാർ ഏറ്റെടുക്കുകയാണ്.

ശ്രീ. വി. ശശികുമാർ : സർ, മാന്ദ്യത്തിന്റെ ഫലമായി കേരളത്തിന്റെ പുറത്തുനിന്നും രാജ്യത്തിന്റെ പുറത്തുനിന്നും പ്രവാസികളായ ആളുകൾക്ക് തിരിച്ചുവരേണ്ടി വന്നിട്ടുണ്ട്. അങ്ങനെ തിരിച്ചുവരുന്ന ആളുകളുടെ ഒരു കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ ; അവർക്ക് ഏതെങ്കിലും തരത്തിൽ പുനരധിവാസത്തിനുള്ള പദ്ധതി മാന്ദ്യവിരുദ്ധ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഡോ. തോമസ് ഐസക് : സർ, ഗൾഫിൽനിന്നും തിരിച്ചു വരുന്നവർക്ക് കെ.എഫ്.സി. വഴി സൗജന്യ പലിശ നിരക്കിൽ വായ്പ നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. എന്നാൽ തിരിച്ചു വരുന്നവർക്ക് ഒരു നിബന്ധനയുണ്ട്, തൽക്കാലത്തേക്ക് തിരിച്ചുവന്നതുകൊണ്ടുമാത്രം വായ്പ കിട്ടുകയില്ല. തിരിച്ചുവന്നാൽ പിന്നെ ഗൾഫിലേയ്ക്ക് മടങ്ങി പോകാൻ പാടില്ല. അതുകൊണ്ട് ഏതാണ്ട് നൂറ്റിൽചിലാനം പേർ മാത്രമേ ആ വായ്പാ പദ്ധതി പ്രയോജനപ്പെടുത്തിയിട്ടുള്ളു.

ശ്രീ. എം. എ. വാഹീദ് : സർ, മാന്ദ്യവിരുദ്ധ പാക്കേജിൽ ഏറ്റവും കൂടുതൽ പണം ചെലവഴിക്കുന്നത് -മൂവായിരം കോടി രൂപ-ഇ.എം.എസ്. ഭവന പദ്ധതിക്ക് എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഒരു നയാ പൈസപോലും ഇതുവരെ സർക്കാർ ഇ.എം.എസ്. ഭവന പദ്ധതിക്കായി കൊടുത്തിട്ടില്ല. ഇതിന്റെ ബാധ്യത മുഴുവൻ വരുന്ന പത്ത് വർഷത്തെ പ്ലാൻ ഫണ്ടിൽ പഞ്ചായത്തിന്റെ തലയിലാണ്. ആ പത്ത് വർഷം ഒരു പഞ്ചായത്തിലും ഒരു പ്രവൃത്തിയും നടക്കുകയില്ല. പാവപ്പെട്ടവന്റെ ഭവന നിർമ്മാണ പദ്ധതിക്ക് സർക്കാർ ഒരുനയാ പൈസ പോലും ഇതുവരെ കൊടുത്തിട്ടില്ല. അഥവാ കൊടുത്തിട്ടുണ്ടെങ്കിൽ എത്ര രൂപയാണ് കൊടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഡോ. തോമസ് ഐസക് : സർ, നമ്മുടെ ധന ചിന്ത എത്രമാത്രമാണെന്നുള്ളതാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. വായ്പ എടുക്കുന്നതിന് സംസ്ഥാന സർക്കാരിന് ശക്തമായ പരിമിതികളുണ്ട്. എങ്ങനെയാണ് ആ പരിമിതി മറികടക്കുന്നത്. നമ്മുടെ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ വഴി ഫ്യൂച്ചർ

LIBRARY ARCHIVES Kerala Legislative Assembly

ഫ്ളോ ഓഫ് ഇൻകം ക്യാപ്പിറ്റലൈസ് ചെയ്യുകയാണ്. നിങ്ങൾക്ക് അടുത്ത ഇരുപത് വർഷം കിട്ടാൻ പോകുന്ന വരുമാനത്തിനെ ചൂണ്ടിക്കാണിച്ചുകൊണ്ട് ഇന്ന് നിങ്ങൾ വായ്പയെടുത്ത് ചെയ്യേണ്ട കാര്യങ്ങൾ ചെയ്യണം. ഇതൊരു പുതിയ സമീപനമാണ്. ആ പുതിയ സമീപനത്തിന്റെ നേട്ടം വരാൻപോകുന്ന ബഡ്ജറ്റിൽ നോക്കിയാൽ കാണാം.

ശ്രീ. പി. കൃഷ്ണപ്രസാദ് : ആഗോള സാമ്പത്തിക പ്രതിസന്ധി ലോക രാജ്യങ്ങളിൽ ആകെത്തന്നെ വലിയ കലാപങ്ങൾ സൃഷ്ടിക്കുന്നതാണ്. വൻതോതിലുള്ള വിലക്കയറ്റവും തൊഴിലില്ലായ്മയുമാണ് ഉണ്ടാകാൻ പോകുന്നത്. ടുനീഷ്യയിലും ഈജിപ്റ്റിലും ഒക്കെ കാണുന്ന കലാപങ്ങൾ നമ്മൾ കണക്കിലെടുക്കണം. ഈജിപ്റ്റിൽ തെരഞ്ഞെടുക്കാൻ കഴിവുള്ള വിഭാഗത്തിൽ പത്തിൽ ഒൻപത് പേരും തൊഴിലില്ലാത്തവരാണെന്നാണ് പറയപ്പെടുന്നത്. നമ്മുടെ രാജ്യത്തെ കേന്ദ്ര ഗവൺമെന്റും ഇതേപോലുള്ള മാതൃകയാണ് ഇപ്പോൾ തുടർന്നുകൊണ്ടിരിക്കുന്നത്. വിലക്കയറ്റം തടഞ്ഞു നിർത്താൻ അവർക്ക് സാധിക്കുന്നില്ലെന്നുള്ളത് മാത്രമല്ല വൻതോതിൽ ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വിടവ് വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു അവസ്ഥയിൽ കേന്ദ്ര ഗവൺമെന്റ് പകച്ചു നിൽക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് വലിയ അഴിമതിയുടെ കേന്ദ്രമായി മാറുകയാണ്. ഇവിടെയുള്ള സാമ്പത്തിക വിദഗ്ദ്ധന്മാർ, മനോരമ പോലുള്ള പത്രങ്ങൾ, കോർപ്പറേറ്റ് ഉദ്യോഗസ്ഥർ ഇവരെല്ലാം ഇത് ന്യായീകരിക്കുകയാണ്. ഈയൊരു രാഷ്ട്രീയ വീക്ഷണത്തിന് എതിരായ ഒരു ബദൽ നയമാണ് കേരള ഗവൺമെന്റ് മുന്നോട്ട് വയ്ക്കുന്നത്. അതിനെ കൂടുതൽ ശക്തമായി ഉയർത്തിപ്പിടിക്കേണ്ടത് വളരെ പ്രധാനമല്ലേ; രാഷ്ട്രീയമായിത്തന്നെ ഈ ബദൽ നയത്തെ ഉയർത്തിപ്പിടിക്കേണ്ടതല്ലേ ?

ഡോ. തോമസ് ഐസക് : സർ, ആ പ്രതിസന്ധിയിൽ രാഷ്ട്രീയമായി എങ്ങനെ ഇടപെടുന്നു എന്നതിനെ ആശ്രയിച്ചിരിക്കും. പ്രതിസന്ധിയുടെ ഫലമായിത്തന്നെ ഇത്തരത്തിൽ പോകുന്നതിന് വലിയ പങ്കില്ല പക്ഷേ നേരെ വിപരീതമായും പോകാം. ഹിറ്റ്ലർ ഒക്കെ പ്രതിസന്ധിയുടെ ഫലമായി രൂപംകൊണ്ടതാണ്. കേരളത്തിൽ ആവിഷ്കരിച്ച ധന നയം ഒരു ബദലിലേക്കുള്ള സൂചനയാണ് അതിന് യാതൊരു സംശയവും വേണ്ട.

ശ്രീ. എം. ഉമ്മർ : സർ, സാമ്പത്തിക മാന്ദ്യത്തെ നേരിടുക എന്നു പറഞ്ഞാൽ സാധാരണക്കാരായ ആളുകൾക്ക് അവരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുക എന്നുള്ളതാണ്. കേന്ദ്ര ഗവൺമെന്റിന്റെ എൻ.ആർ.ജി.എസ്. പദ്ധതി പ്രകാരം കുറേപ്പേർക്ക് തൊഴിലവസരങ്ങൾ ഉണ്ടായിട്ടുണ്ട്. അങ്ങയുടെ പാക്കേജ് പ്രകാരം കേരളത്തിൽ സർക്കാർ മേഖലയിലും സഹകാര്യ മേഖലയിലും എത്ര പുതിയ തൊഴിലവസരങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഡോ. തോമസ് ഐസക് : സർ, അതെല്ലാം കണക്ക് കൂട്ടുന്നതിനുള്ള പരിശ്രമം നടന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. നിർമ്മാണ പ്രവർത്തനങ്ങളിലുണ്ടാക്കുന്ന തൊഴിലവസരങ്ങൾ നമുക്ക് കണക്കുകൂട്ടിയെടുക്കാൻ സാധിക്കണം. ദേശീയ തൊഴിലുറപ്പ് പദ്ധതി പോലെതന്നെ തൊഴിലവസരങ്ങൾ കേരളത്തിലും സൃഷ്ടിക്കും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വിശ്വൻ : സർ, ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ ഇരകളാകുന്നത് സാധാരണ ജനങ്ങളാണ്. സാധാരണ ജനങ്ങളുടെ വരുമാനം യഥാർത്ഥത്തിൽ ചോർന്നുപോകുകയാണ്. കാർഷിക പ്രതിസന്ധിയും മാന്ദ്യവും കച്ചവടം കോർപ്പറേറ്റുകളുടെയും ഊഹക്കച്ചവടക്കാരുടേയും നിയന്ത്രണത്തിലേക്ക് പോകുകയും ചെയ്യുമ്പോൾ സാധാരണക്കാരുടെ വരുമാനം കുറയുന്നു. അതുകൊണ്ടാണ് ഇൻഫ്ളേഷൻ ഒഫീഷ്യലായി സെൻട്രൽ ഗവൺമെന്റുതന്നെ ഡിക്ലെയർ ചെയ്തത്. അതിന്റെ ഭാഗമായി മുഖ്യമന്ത്രിമാരുടെ സമ്മേളനത്തിൽ പ്രധാനമന്ത്രി തുടക്കത്തിൽത്തന്നെ പറഞ്ഞത് the waste is over. ഇതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ ; അതിന്റെ ഭാഗമായി കേരളത്തിൽ ഇൻഫ്ളേഷൻ ഇല്ലാതാക്കാനുള്ള എന്തെങ്കിലും പരിപാടി തീരുമാനിച്ചിട്ടുണ്ടോ ?

ഡോ. തോമസ് ഐസക് : സർ, സാധാരണ സാമ്പത്തികമാന്ദ്യം വരുമ്പോൾ വില താഴുകയാണ് ചെയ്യേണ്ടത്. ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന വിലക്കയറ്റം വളരെ വിചിത്രമായ അനുഭവമാണ്. ഇപ്പോൾ നമ്മൾ സാമ്പത്തിക റിസെഷനിൽനിന്ന് കരകയറിക്കൊണ്ടിരിക്കുകയാണ്. അങ്ങനെയൊരു ഘട്ടത്തിൽ ആളുകളുടെ കയ്യിൽ ആവശ്യത്തിലധികം പണം വന്നതുകൊണ്ടല്ല വില കൂടുന്നത്. മറിച്ച്, സപ്ലൈ രംഗത്തുള്ള ഉത്പന്നങ്ങൾ പൂഴ്ത്തി വയ്ക്കുകയും ഊഹക്കച്ചവടത്തിന് വിധേയമാകുന്നതിന്റേയും ഫലമായിട്ടാണ് വിലക്കയറ്റമുണ്ടായിക്കൊണ്ടിരിക്കുന്നത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, പ്ലാനിംഗ് കമ്മീഷന്റെ സ്റ്റഡി അനുസരിച്ച് ഇക്കണോമിക് സർവ്വേ റിപ്പോർട്ടിൽവന്ന ഒരു കാര്യമാണ് ഞാൻ പറയുന്നത്. കൺസപ്ഷനിൽ ഇൻഡ്യാ രാജ്യത്ത് ഏറ്റവുമധികം അന്തരമുള്ള സംസ്ഥാനം കേരളമാണ്. അതിന്റെ അർത്ഥം, വരുമാനത്തിലുള്ള അന്തരം ഏറ്റവും കൂടുതലുള്ള സംസ്ഥാനം കേരളമാണെന്ന് തെളിഞ്ഞിരിക്കുകയാണ്. ഈ സന്ദർഭത്തിൽ ഇവിടെ തൊഴിൽ കൂടിയെന്നും സ്റ്റിമുലേറ്റഡ് പാക്കേജ് കൊണ്ട് തൊഴിൽ വർദ്ധിച്ചുവെന്നും കഴിഞ്ഞ അഞ്ചുവർഷക്കാലംകൊണ്ട് എല്ലാം ഭദ്രമായി എന്നും അങ്ങ് പറയുന്നത് എത്രമാത്രം വസ്തുതയ്ക്ക് നിരക്കുന്നതാണ്?

ഡോ. തോമസ് ഐസക് : സർ, വളരെ പ്രധാനപ്പെട്ട ഒരു നിരീക്ഷണമാണ് ശ്രീ. ആര്യാടൻ മുഹമ്മദ് നടത്തിയിട്ടുള്ളത്. കേരളത്തിന്റെ ഇതുവരെയുള്ള അനുഭവം നോക്കിയാൽ ഏതുവിധത്തിലും ജില്ലകൾ തമ്മിലുള്ള പെർക്യാപിറ്റാ ഇൻകം ആയാലും അങ്ങ് പറഞ്ഞതുപോലെ ഉപഭോക്തൃ റിസെഷനാണെങ്കിലും റിസർവ്വ് ബാങ്ക് ഇറക്കുന്ന ഗ്രാമീണ കുടുംബങ്ങളുടെ ആസ്തി എടുത്താലും അസമത്വം കേരളത്തിൽ കുറഞ്ഞുവരികയായിരുന്നു. അങ്ങ് പറഞ്ഞ സ്ഥിതി കേരളത്തിൽ എപ്പോഴാണ് വന്നതെന്ന് അറിയാമോ ; ഉദാരവത്ക്കരണനയങ്ങളും പരിഷ്കാരങ്ങളും തുടങ്ങിയ കാലംമുതൽ ബാക്കി ഇൻഡ്യാരാജ്യത്ത് നടക്കുന്നതുപോലെ കേരളത്തിലും അസമത്വം വർദ്ധിക്കുകയാണ് ചെയ്തിട്ടുള്ളത്. അതുകൊണ്ട് കേരളത്തിൽ വർദ്ധിച്ചുവരുന്ന അസമത്വം ഈ പുതിയ പരിഷ്കാരങ്ങളുടെ ഫലമാണ്. അത് നമ്മുടെ സാമൂഹ്യ സുരക്ഷിതത്വത്തിനും ഭാവി വളർച്ചയ്ക്കും വലിയ ഭീഷണിയായിത്തീർന്നിരിക്കുകയാണ്.